# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4804** **22.03.2018-ൽ മറുപടിക്ക്**

## വാമനപുരം നിയോജകമണ്ഡലത്തിൽ വൈദ്യുതി ഓഫീസുകൾ

| | ചോദ്യം<br>ശ്രീ. ഡി.കെ. മുരളി : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ)<br><br><br><br>(ബി) | വാമനപുരം നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പിനുകീഴിൽ ഏതെല്ലാം ഓഫീസുകളാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ;<br><br>അതിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നതും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ ആഫീസുകളുടെ വിവരം നൽകാമോ ; | (എ)<br>&<br>(ബി) | വാമനപുരം നിയോജകമണ്ഡലത്തിൽ വൈദ്യുതി ബോർഡിനു കീഴിൽ വാമനപുരം, കല്ലറ, വെഞ്ഞാറമൂട്, പാലോട്, പെരിങ്ങമല എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളും പനവൂരിൽ സബ് എഞ്ചിനീയറുടെ ഓഫീസും പ്രവർത്തക്കുന്നുണ്ട്. ഈ ഓഫീസുകളെല്ലാം തന്നെ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ വാമനപുരം നിയോജകമണ്ഡലത്തിൽ പ്രസരണ വിഭാഗത്തിൽ രണ്ട് സബ്സ്റ്റേഷനുകൾ ഉണ്ട്.<br>1. 66 കെ.വി സബ്സ്റ്റേഷൻ, പാലോട്<br>2. 33 കെ.വി സബ്സ്റ്റേഷൻ, വെഞ്ഞാറമൂട്<br>രണ്ട് സബ്സ്റ്റേഷനുകളും വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ സ്വന്തം കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. |
| (സി) | വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ആഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ? | (സി) | സ്ഥലം ലഭ്യമായിട്ടുള്ള പ്രദേശങ്ങളിൽ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിക്കുന്നുണ്ട്. പുതിയ കെട്ടിടം പണിയുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്തോ മറ്റ് തദ്ദേശ സ്ഥാപനങ്ങളോ സൗജന്യമായി നൽകുന്ന പക്ഷം കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ